പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2883 **29-10-2026-ൽ മറുപടിയ്ക്ക്**

ചേലക്കര മണ്ഡലത്തിലെ പാമ്പാടി റോഡ് നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. യു. ആർ. പ്രദീപ്	ശ്രീ. പി. കെ. ബഷീർ (പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) പൊതുമരാമത്ത് വകുപ്പ് ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ചേലക്കര നിയോജകമണ്ഡലത്തിലെ പാമ്പാടി റോഡിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

മറുപടി: നിലവിൽ 7 കൾവേർട്ട് പ്രവൃത്തിയും, 400 മീറ്റർ ഡ്രൈനേജ് പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത റോഡിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

മറുപടി: JJM PROJECT DIVISION NATTIKA-യുമായുള്ള ഇൻസ്പെക്ഷനിൽ 7 സ്ഥലങ്ങളിൽ റോഡ് മുറിച്ചു പൈപ്പ് ഇടാനുള്ള അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. പൈപ്പിടൽ പൂർത്തിയാക്കി JJM റെസ്റ്റോറേഷൻ പ്രവൃത്തിക്ക് ശേഷം ഉപരിതലം പുതുക്കൽ പ്രവൃത്തികൾ ഉൾപ്പെടെ ആരംഭിക്കുന്നതാണ്. മറ്റ് തടസ്സങ്ങൾ ഒന്നും ഉണ്ടാകാത്ത പക്ഷം 2027 ജനുവരി മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ